"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പൗൾട്രിഫാമുകളിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ വാങ്ങുമ്പോൾ പ്രോജക്ടിന്റെ 20% തുക അഡ്വാൻസായി നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1394/2025/LSGD തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1240/2018/തസ്വഭവ; തീയതി 02.05.2018
2. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 09.03.2023, 17.03.2025 തീയതികളിലെ AHD/900/2023-H2 നമ്പർ കത്തുകൾ
4. സ.ഉ.(സാധാ) നം.1096/2024/LSGD; തീയതി 21.06.2024

**<u>ഉത്തരവ്</u>**

മൃഗസംരക്ഷണ വകുപ്പിലെ പൗൾട്രി ഫാമുകളിൽ നിന്നും സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് വേണ്ടി എഗ്ഗർ നഴ്സറികൾ മുഖേന കോഴിക്കുഞ്ഞുങ്ങളെ വിപണനം നടത്തുന്ന സെപ്റ്റംബർ മുതൽ മാർച്ച് ഒഴികെയുള്ള കാലയളവിൽ പദ്ധതികൾക്കുള്ള കോഴിക്കുഞ്ഞുങ്ങളുടെ ആവശ്യകത കുറയുകയും, മതിയായ മാർക്കറ്റ് കണ്ടെത്താനാകാതെ വിൽപ്പനയിൽ പ്രയാസം നേരിടുകയും ചെയ്യുന്നുവെന്നും, ഈ സാഹചര്യം പരിഹരിക്കുന്നതിനായി, വിപണന ഉത്പന്നങ്ങളുടെ തുക, സർക്കാർ/സർക്കാരേതര സ്ഥാപനങ്ങളിൽ നിന്നും മുൻകൂറായി സ്വീകരിക്കാനുതകുന്ന തരത്തിൽ മൃഗസംരക്ഷണ വകുപ്പിലെ പൗൾട്രി ഫാമുകളെ നിബന്ധനകൾക്ക് വിധേയമായി അക്രെഡിറ്റഡ് ഏജൻസിയായി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകണമെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കണ്ണൂർ ജില്ലയിലെ മുണ്ടയാട് മേഖലാ കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും കോഴികുഞ്ഞുങ്ങളെ 20% തുക അഡ്വാൻസായി നൽകി വാങ്ങാൻ പരാമർശം 4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം, മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മറ്റു പൗൾട്രിഫാമുകളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ കോഴികുഞ്ഞുങ്ങളെ വാങ്ങുകയാണെങ്കിൽ, അവയ്ക്കായി പ്രോജക്ടിന്റെ 20% തുക എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസായി നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. പിന്നീട് പൗൾട്രിഫാമുകൾ പ്രസ്തുത അഡ്വാൻസ് തുകയ്ക്കുള്ള കോഴികുഞ്ഞുങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്ന മുറയ്ക്ക് പ്രോജക്ടിലെ

ബാക്കി അടങ്കൽ തുകയുടെ 20% വീതം പദ്ധതി പുരോഗതിയ്ക്ക് അനുസരിച്ച് അഡ്വാൻസ് നൽകാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. മൃഗസംരക്ഷണ (ജി) വകുപ്പ് (G2/41/2023-AH)
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 05-06-2025 11:31:56
സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്